# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in


21.4.2016

All Kerala Press Release
*Ref: 527/KCBC/K-6/KPR/DS*

## പുതിയ ബാർ ലൈസൻസുകൾ യുഡിഎഫ് മദ്യനയത്തിന്റെ വിശ്വാസ്യത തകർക്കും: കെസിബിസി

കൊച്ചി: യുഡിഎഫ് സർക്കാർ പുതിയ ആറു പഞ്ചനക്ഷത്ര ബാറുകൾക്കു ലൈസൻസു നല്കിയ നടപടി തീർത്തും നിരാശാജനകവും അപലപനീയവുമാണ്. സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ വിശ്വാസ്യതയും കാര്യക്ഷമതയും ചോദ്യം ചെയ്യുന്ന നടപടിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. മദ്യനയത്തിന്റെ വിശ്വാസ്യത അതു നടപ്പാക്കുന്നവരുടെ കാര്യക്ഷമതയേക്കുടി ആശ്രയിച്ചാണിരിക്കുന്നത്.

നിയമത്തിന്റെ പഴുതുകളുപയോഗിച്ച്, മദ്യലോബിയുടെ താത്പര്യം നടപ്പാക്കാൻ സഹായിക്കുന്ന ചിലരെങ്കിലും സർക്കാരിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന വിമർശനം ക്ഷണിച്ചു വരുത്താൻ ഇത്തരം നടപടികൾ കാരണമാകും. പ്രഖ്യാപിത മദ്യനയത്തിനും അത് ലക്ഷ്യംവയ്ക്കുന്ന ലഹരി വിമുക്ത സമൂഹത്തിന്റെ നിർമ്മിതിക്കും ചേരാത്ത നടപടികൾ വിമർശനം ക്ഷണിച്ചു വരുത്തുന്നത് സ്വാഭാവികമാണ്.

എന്നാൽ മദ്യവിഷയത്തിൽ വ്യക്തമായ നയമോ ലക്ഷ്യങ്ങളോ വാഗ്ദാനങ്ങളോ മുമ്പോട്ടുവയ്ക്കാത്ത എൽഡിഎഫ് നിലപാട് തികഞ്ഞ ഉത്തരവാദിത്തമില്ലായ്മയായേ മനസ്സിലാക്കാൻ കഴിയൂ. ഇടതു മുന്നണി പ്രഖ്യാപിച്ചിട്ടുള്ള "മദ്യവർജനം ബോധവത്ക്കരണത്തിലൂടെ"യെന്ന നയം മദ്യനിയന്ത്രണത്തോടൊത്തു പോകേണ്ടതാണ്. മദ്യനിയന്ത്രണത്തിന്റെ ഫലപ്രാപ്തിക്ക് അത് ആവശ്യവുമാണ്. അതിനെ ഭരണ പ്രതിപക്ഷങ്ങളിലേക്ക് ധ്യുവീകരിക്കാൻ ശ്രമിക്കുന്നത് നിലവിലുള്ള മദ്യനയത്തെ തകർക്കാനും മദ്യനിയന്ത്രണ നടപടികളെ വിലയിടിച്ചു കാണിക്കാനുമേ ഉപകരിക്കൂ. ഇത് സമൂഹത്തിനു ഗുണം ചെയ്യില്ല.

മദ്യത്തിന്റെ ഉല്പാദനവും വിതരണവും നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളുടെയും നയപരിപാടികളുടെയും പിൻബലമില്ലാതെയുള്ള ബോധവത്ക്കരണവും വർജന ശ്രമങ്ങളും ഫലപ്രദമാകുകയില്ല. വ്യക്തമായ നയവും ലക്ഷ്യങ്ങളുമില്ലാത്ത രാഷ്ട്രീയ നേതൃത്വം, എന്തു നടപടി സ്വീകരിച്ചാലും ജനങ്ങൾക്ക് വിമർശിക്കാൻ പോലും കഴിയാതെ കാഴ്ചക്കാരായി നില്ക്കേണ്ടിവരും.

വർജിക്കാനും വർജിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കും, മദ്യലോബിയോടു ചേർന്ന് ലാഭമുണ്ടാക്കാനുള്ള സ്വാതന്ത്ര്യം സർക്കാരിനും പാർട്ടിക്കുമുണ്ടാകുമെന്നതാണ് വർജന നയത്തിന്റെ മെച്ചം. ഇതിൽ അടങ്ങിയിരിക്കുന്ന കുബുദ്ധിയും സമൂഹത്തോടുള്ള ഉത്തരവാദിത്വമില്ലായ്മയും ജനങ്ങൾ തിരിച്ചറിയണം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. ടി.ജെ ആന്റണി**
സെക്രട്ടറി
കെസിബിസി മദ്യവിരുദ്ധ സമിതി


PRESIDENT
CARDINAL BASELIOS CLEEMIS

VICE-PRESIDENT
MAR JOSEPH PERUMTHOTTAM

SECRETARY GENERAL
BISHOP JOSEPH KARIYIL

DEPUTY SECRETARY GENERAL
FR. VARGHESE VALLIKATT